തിരുവല്ലം കൽപ്പടക്കല്ല് – വേങ്കറ റോഡ് യാത്ര കഠിനം തന്നെ

വേങ്കറ– തീയറ്റർ റോഡിലെ കൽപ്പടക്കല്ലുമായി ബന്ധിപ്പിക്കുന്ന റോഡ് വെള്ളക്കെട്ടായി മാറിയ നിലയിൽ

തിരുവല്ലം: ബൈപ്പാസിലെ വേങ്കറ–തീയറ്റർ റോഡിലെ കൽപ്പടക്കല്ലുമായി ബന്ധിപ്പിക്കുന്ന റോഡ് തകർന്നടിഞ്ഞിട്ട് വർഷങ്ങൾ ഏറെയായി.

റോഡ് മുഴുവൻ കുഴികൾ രൂപപ്പെട്ടിരിക്കുകയാണ് . മഴപെയ്താൽ ഇവിടം കുളമായി മാറും. ഇതുവഴിയിലുള്ള വാഹന യാത്രയും കാൽനടത്രയും വളരെ ദുർഘടം പിടിച്ചതാണ്. ഏതുനിമിഷവും അപകടം സംഭവിക്കാവുന്ന അവസ്ഥയിലാണ്. തീയറ്റർ റോഡും ബൈപ്പാസ് റോഡുമായി ബന്ധിപ്പിക്കുന്ന ഈ പ്രദേശത്തെ ഏക പാത കൂടിയാണ് കൽപ്പടക്കല്ല് വേങ്കറ റോഡിൽ ദിനംപ്രതി 100 കണക്കിന് വാഹനങ്ങൾ ആണ് ഇതുവഴി കടന്നു പോകുന്നത് .

ആയതിനാൽ അടിയന്തരമായി ഈറോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് പൊതുപ്രവർത്തകനും സി പി എം ലോക്കൽ കമ്മിറ്റി അംഗവുമായ തിരുവല്ലം അജിതൻ ആവശ്യപ്പെട്ടു.

റോഡ് മുഴുവൻ കുഴികൾ രൂപപ്പെട്ടിരിക്കുകയാണ്. മഴപെയ്താൽ ഇവിടം കുളമായി മാറും

നിംസ് മെഡിസിറ്റിയിൽ കുട്ടികൾക്കും മുതിർന്നവർക്കും സൗജന്യ അലർജിക് ക്യാമ്പ്

തിരുവനന്തപുരം: നിംസ് മെഡിസിറ്റിയിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി സൗജന്യ അലർജിക് ക്യാമ്പ് സംഘടിപ്പിക്കുന്നു. 26 ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ നടക്കും.

നിംസ് മെഡിസിറ്റി പീഡിയാട്രിക്സ് നിയോനാറ്റോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സി. ഇ ഷെബിൻ, പൾമണോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സന്ദീപ് തുടങ്ങി വിദഗ്ധരായ ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകും. വിട്ടുമാറാത്ത ചുമ, ജലദോഷം, രാത്രികളിൽ ഉണ്ടാകുന്ന ശ്വാസം മുട്ടൽ തുടങ്ങി കുട്ടികളിലും മുതിർന്നവരിലുമുള്ള അലർജി സംബന്ധമായ രോഗങ്ങൾക്കുമുള്ള ചികിത്സ ക്യാമ്പിൽ ലഭ്യമാകുന്നു.

അലർജി വരുവാനുള്ള സാധ്യതകൾ, അലർജി പരിശോധനകൾ നടത്തി അതിനുവേണ്ട ചികിത്സാ രീതികൾ ഉൾപ്പെടെയുള്ള വയാണ് ക്യാമ്പിൽ സജ്ജീകരിച്ചിരിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് കൺസൾട്ടേഷൻ, പൂർണ്ണമായും സൗജന്യം. കൂടാതെ സിബിസി (കംപ്ലീറ്റ് ബ്ലഡ് കൗണ്ട്) , പി ബി എഫ്, സ്കിൻ പ്രിക്ക് പരിശോധന, പി എഫ് റ്റി തുടങ്ങി പരിശോധനകൾക്ക് 20 % ഇളവുകളും ലഭ്യമാണ്. ക്യാമ്പ് രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 62386 44236 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി

കൊട്ടാരക്കര: ഐപ്പള്ളൂർ ഏദൻ നഗർ റെസിഡൻസ് അസോസിയേഷൻ, പാങ്ങോട് എസ്. എൻ. ആയുർവേദ മെഡിക്കൽ കോളജ് എന്നിവയുടെ ആഭിമുഖത്തിൽ മെഗാ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധവൽക്കരണ ശിൽപശാലയും നടത്തി.

കേരള ആരോഗ്യ സർവകലാശാല മുൻ പ്രോ ചാൻസലറും എസ്.എൻ. മെഡിക്കൽ കോളജ് ഡയറക്ടറുമായ ഡോ.എ.നളിനാക്ഷൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പി.എം.ജി. കുരാക്കാരൻ അധ്യക്ഷത വഹിച്ചു. സെന്റ് ജോർജ് ശാലേം ഓർത്തഡോക്സ് പള്ളി വികാരി ഫാ.എബി രാജു, മേലില ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ഷിജോമോൻ, പ്രഫ.ജോൺ കുരാക്കർ, കെ.ഒ.രാജുക്കുട്ടി,എം.തോമസ്, ചെറിയാൻ പി.കോശി എന്നിവർ പ്രസംഗിച്ചു.

അയ്യാ വൈകുണ്ഠസ്വാമികൾ സ്മൃതി മണ്ഡപം യാഥാർത്ഥ്യമാക്കണം

വിഴിഞ്ഞം: ശ്രീ അയ്യാ വൈകുണ്ഠസ്വാമികളുടെ അവതാര ദിനം മാർച്ച് നാല് നിയന്ത്രിത അവധിയായി പ്രഖ്യാപിച്ച കേന്ദ്ര സർക്കാർ ഉത്തരവിനെ സ്വാഗതം ചെയ്യുന്നതായും സർക്കാറിന് നന്ദി അറിയിക്കുന്നതായും നാടാർ സംയുക്ത സമിതി ഭാരവാഹികൾ പറഞ്ഞു.

ഇതോടൊപ്പം സ്വാമികൾക്ക് ഉചിതമായ സ്മൃതി മണ്ഡപം നിർമ്മിക്കും എന്ന കേരള സർക്കാർ വാഗ്ദാനം പാലിച്ച് എത്രയും വേഗം സ്മൃതിമണ്ഡപം യാഥാർത്ഥ്യമാക്കണമെന്നും ഭാരവാഹികളായ ജെ.ലോറൻസ്, വിഷ്ണുപുരം ചന്ദ്രശേഖരൻ, ചൊവ്വര സുനിൽ നാടാർ തുടങ്ങിയവർ ആവശ്യപ്പെട്ടു.

എസ്.കെ ഹോസ്പിറ്റലിൽ സൗജന്യ മെഡിക്കൽ ക്യാമ്പും രക്ത പരിശോധനയും

തിരുവനന്തപുരം: ദീപാവലി പ്രമാണിച്ച് 26 മുതൽ നവംബർ മൂന്നു വരെ തിരുവനന്തപുരം ഇടപ്പഴഞ്ഞി എസ്കെ ഹോസ്പിറ്റലിൽ 60 വയസിനു മുകളിലുള്ള സീനിയർ സിറ്റിസൺസിന് സൗജന്യ ലാബ് ടെസ്റ്റ് നൽകും. എഫ്ബിഎസ്, എസ്ജിപിടി, എസ്ജിഒടി, ടോട്ടൽ കൊളസ്ട്രോൾ, ക്രിയാറ്റിൻ, തൈറോയ്ഡ് ടെസ്റ്റ് എന്നിവയാണ് സൗജന്യമായി നൽകുന്നത്, 60 വയസിന് താഴെയുള്ളവർക്ക് മേൽപ്പറഞ്ഞ ടെസ്റ്റുകളും എച്ച്ബിഎവൺസി, യൂറിയ,സിബിസി എന്നിവ 40 % ഡിസ്കൗണ്ടിൽ നൽകും. കൂടാതെ 28ന് രാവിലെ ഒമ്പതര മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ സൗജന്യ തൈറോയ്ഡ് ജനറൽ സർജറി ക്യാമ്പും ഉണ്ടായിരിക്കും. ഡോ. വിഷ്ണു ചന്ദ്രൻ നയിക്കുന്ന ക്യാമ്പിൽ രജിസ്ട്രേഷൻ, ഡോക്ടർ കൺസൾട്ടേഷനും തൈറോയ്ഡ് ടെസ്റ്റും തികച്ചും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 8086810163,04712944444.

ക്ഷേത്രങ്ങളിൽ ആയില്യപൂജ നാളെ

ചേരപ്പള്ളി: ക്ഷേത്രങ്ങളിൽ നാളെ ആയില്യപൂജ മേൽശാന്തിമാരുടെ മുഖ്യകാർമികത്വത്തിൽ രാവിലെ 9ന് നടക്കും. ചേരപ്പള്ളി മുത്തരാമ്മൻ ക്ഷേത്രം, ശിവശക്തിക്ഷേത്രം, വലിയകലുങ്ക് ശ്രീകൃഷ്ണസ്വാമിക്ഷേത്രം, കിളിയന്നൂർ തമ്പുരാന ദേവീക്ഷേത്രം, മണ്ണാറംദുർഗാദേവീ ക്ഷേത്രം, കീഴ്പാലൂർ പാറയ്ക്കരവെട്ട ആയിരവില്ലിക്ഷേത്രം, ബൗണ്ടർമുക്ക് നെല്ലിമൂട് തമ്പുരാൻ നരസിംഹമൂർത്തിക്ഷേത്രം, കോട്ടയ്ക്കകം തേക്കിൻകാല മഹാവിഷ്ണുക്ഷേത്രം, ചേരപ്പള്ളി അണയ്ക്കര ധർമ്മശാസ്താക്ഷേത്രം, ഇറവൂർ വലിയകളം തമ്പുരാൻ ദുർഗാദേവീക്ഷേത്രം, ഇറവൂർ വണ്ടയ്ക്കൽ ഭദ്രകാളിക്ഷേത്രം, ഇറവൂർ മേലാംകോട് ദേവീക്ഷേത്രം, ഇറവൂർ മൂർത്തിയാർമഠം ശിവപ്രഭ ആശ്രമം, ആര്യനാട് അയ്യൻകാലാമഠം ഭഗവതിക്ഷേത്രം, തോളൂർ ചെമ്പകമംഗലം ഭദ്രകാളിക്ഷേത്രം, ആര്യനാട് ആനന്ദേശ്വരം ശിവക്ഷേത്രം,കുറ്റിച്ചൽ പച്ചക്കാട്ചാമുണ്ഡേശ്വരി ദേവീക്ഷേത്രം, പരുത്തിപ്പള്ളി ശിവക്ഷേത്രം, ഈന്തിവിള ദേവീക്ഷേത്രം, ചീരാണിക്കര കറ്റകുവപ്ലാങ്ങര ആയിരവില്ലി ദുർഗാദേവീക്ഷേത്രം എന്നിവിടങ്ങളിൽ നാളെ ആയില്യപൂജ ഉണ്ടായിരിക്കുമെന്ന് ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

ഓട്ടോയിൽ നിന്നും ബാറ്ററിമോഷ്ടിച്ചു

ചേരപ്പള്ളി: വീട്ടുമുറ്റത്ത് പാർക്ക്ചെയ്തിരുന്ന രണ്ട് ഓട്ടോറിക്ഷകളിൽനിന്ന് ബുധനാഴ് രാത്രിയിൽ ബാറ്ററികൾ മോഷ്ടിച്ചു. ഇറവൂർ കിഴക്കേക്കര നെല്ലിവിളാകത്ത് ശാന്തയുടെ ഉടമസ്ഥയിലുള്ള കെ.എൽ.21എസ് 7062 എന്ന ഓട്ടോയിൽനിന്നുള്ള ബാറ്ററിയും ശാന്തിയുടെ വീട്ടുമുറ്റത്ത് പാർക്ക്ചെയ്തിരുന്ന പ്രദീപിന്റെ കെ. എൽ. 01 ബി.എൽ. 6493–ാം നമ്പർ ഓട്ടോയിൽനിന്നുമാണ് ബാറ്ററികൾ മോഷ്ടിച്ചത്.

സമീപത്തെ മഹേഷിന്റെ വീടിനു മുന്നിൽ പാർക്ക് ചെയ്തിരുന്ന കെ.എൽ. 21 എം–7963 എന്ന ഓട്ടോയിൽനിന്നും പെട്രോൾ ഊറ്റിയെടുക്കാനും ശ്രമം നടന്നു.

ഹിമാചൽ പ്രദേശിൽ നിന്നുള്ള സംഘം വെങ്ങാനൂരിൽ സന്ദർശനം നടത്തി

കോവളം: പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠിക്കുവാൻ ഹിമാചൽ പ്രദേശ് ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഉള്ള പ്രതിനിധി സംഘം മുട്ടയ്ക്കാടും മുരുക്കുമ്പുഴയിലും സന്ദർശനം നടത്തി.

ഹിമാചൽ പ്രദേശ് ആരോഗ്യവകുപ്പ് മന്ത്രി ഡോ.ധനിറാം ഷണ്ടിലിന്റെ നേതൃത്വത്തിലുള്ള സംഘത്തെ പാലിയം ഇന്ത്യ ചെയർമാൻ ബി നോദ്ഹരിഹരൻ, ഡയറക്ടർ ഡോക്ടർ സുനിൽ, വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ. എസ്. ശ്രീകുമാർ, ഡോക്ടർ സൂസ്സൻ, ഡോക്ടർ അർജുൻ,പാലിയേറ്റിവ് നഴ്സ്മാരായ കവിത, ലക്ഷ്മി, ഫെസിലിറ്റേറ്റർ ശാലിനി, മുരുക്കുമ്പുഴ ഫ്രാൻസിസ്,സുർജിത്, പ്രീതി എന്നിവരും മറ്റു പ്രവർത്തകരും ചേർന്ന് സ്വീകരിച്ചു.വെങ്ങാനൂരിലെത്തിയ സംഘം ഗ്രാമ പഞ്ചായത്തിലെ മാതൃക പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങളെ ചോദിച്ച് മനസിലാക്കി. മന്ത്രിയുടെ നേതൃത്വത്തിൽ ഹിമാചൽ പ്രദേശ് ആരോഗ്യവകുപ്പ് സെക്രട്ടറി സുധാദേവി, നാഷണൽ ഹെൽത്ത് മിഷൻ എം ഡി പ്രിയങ്ക വർമ്മ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോക്ടർ രാകേഷ് ശർമ്മ, നാഷണൽ ഹെൽത്ത് മിഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോക്ടർ ഗോപാൽ ബറി,എൻ സി ഡി സ്പെഷ്യൽ പ്രോജക്ട് ഓഫീസർ ഡോക്ടർ അനാടി ഗുപ്ത്, എന്നിവരടങ്ങിയ സംഘമാണ് സന്ദർശനത്തിനെത്തിയത്.

● ഹിമാചൽ പ്രദേശിൽ നിന്നുള്ള സംഘം വെങ്ങാനൂർ പഞ്ചായത്ത് പ്രസിഡന്റ് ആർ.എസ്. ശ്രീകുമാറിനൊപ്പം.

അശാസ്ത്രീയമായ വാർഡ് വിഭജനത്തിനെതിരെ ബി.ജെ.പി. പ്രതിഷേധ ധർണ

കല്ലമ്പലം: നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ വാർഡ് പുനർനിർണയവുമായി ബന്ധപ്പെട്ട് നാവായിക്കുളം പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തുന്ന സി.പി.എം അനുകൂല നിലപാടിനും അശാസ്ത്രീയവും ജനദ്രോഹവുമായി വാർഡ് വിഭജനം നടത്തുന്ന സെക്രട്ടറിയെ തൽസ്ഥാനത്ത് നിന്ന് മാറ്റി പകരം മറ്റൊരു ഉദ്യോഗസ്ഥന് വാർഡ് നിർണയത്തിന്റെ ചുമതല ഏൽപ്പിക്കണമെന്നും സർക്കാർ മാനദണ്ഡം പൂർണമായും പാലിച്ച് കൊണ്ട് മാത്രം വാർഡ് നിർണയം നടത്തണമെന്നും ആവശ്യപ്പെട്ടാണ് ബി.ജെ.പി. നാവായിക്കുളം സ്വതന്ത്ര നോർത്ത് ഏരിയ കമ്മറ്റികളുടെ നേതൃത്വത്തിൽ പ്രതിഷേധ ധർണ്ണ നടത്തിയത്.

ഇരുപത്തി രണ്ട് വാർഡുള്ള പഞ്ചായത്തിൽ രണ്ട് വാർഡ് കൂടുന്നതിന്റെ ഭാഗമായി എല്ലാ വാർഡും നിലവിൽ മാറ്റി കൊണ്ടിരിക്കുകയാണ് വാർഡിന്റെ പുനർനിർണ്ണയത്തിൽ ചുമതല ഉള്ള ഉദ്യോഗസ്ഥരെ ഒഴുവാക്കി സെക്രട്ടറി സി.പി.എം പ്രദേശിക നേതാക്കളുടെ സഹായത്തോടെ യാണ് വാർഡ് വിഭജനം നടത്തുന്നത് എന്ന് പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്ത കർഷക മോർച്ച ജില്ല പ്രസിഡന്റ് മണമ്പൂർ ദിലീപ് പറഞ്ഞു, ബി.ജെ.പി.ജില്ലകമ്മറ്റി അംഗം സജി.പി മുല്ലനല്ലൂർ, നാവായിക്കുളം മണ്ഡലം പ്രസിഡന്റ് പൈവേലി ക്കോണം ബിജു, ജനറൽ സെക്രട്ടറി, രാജീവ് ഐ.ആർ, മണ്ഡലം വൈസ് പ്രസിഡന്റ് മുല്ലനല്ലൂർ ശ്രീകുമാർഏരിയ പ്രസിഡന്റുമാരായ പത്മകുമാർ, രാജീവ് ചിറ്റായിക്കോട്, പാർലമെന്ററി പാർട്ടി ലീഡർ, നാവായിക്കുളം അശോകൻ, മെമ്പർമാരായ കുമാർ ജി, അരുൺ കുമാർ എസ്, ജിഷ്ണു എസ് ഗോവിന്ദ്, ബി.ജെ.പി നേതാക്കളായ ബോസ് കുമാർ, പ്രകാശ് പൊന്നറ, വിജയൻ പിള്ള, കുടവൂർ മാധവൻ, യമുന ബിജു, അശോകൻ, പവിത്ര, മായ എന്നിവർ സംസാരിച്ചു.

ജനങ്ങളെ ദ്രോഹിക്കുന്ന രാഷ്ട്രീയ പ്രേരിതമായ വാർഡ് വിഭജനം ഒഴുവാക്കിയില്ല എങ്കിൽ ശക്തമായ സമരപരിപാടിയുമായി മുന്നോട്ട് പോകും എന്ന് ബി.ജെ.പി നേതാക്കൾ അറിയിച്ചു.

ഹോട്ടൽ അടച്ച് പൂട്ടിച്ചു

കിളിമാനൂർ: കിളിമാനൂർ പഞ്ചായത്തിൽ ചുട്ടയിൽ പ്രവർത്തിച്ച് വന്ന ഹോട്ടൽ ഭക്ഷ്യ സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥർ ഇന്നലെ പരിശോധന നടത്തുകയും വൃത്തിഹീനമായ നിലയിൽ ഹോട്ടൽ പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് പൂട്ടി. പല പ്രാവശ്യം ഇതേകാര്യത്തിന് നോട്ടീസ് നൽകിയിരുന്നെങ്കിലും ഇതാവർത്തിച്ച സാഹചര്യത്തിലാണ് ഹോട്ടൽ പൂട്ടിയതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

രജി.ഓഫീസ്: 11ാം നില, ടവർ എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഎച്ച് 17, ലൂലു മാളിനു സമീപം, കൊച്ചി 682024, കേരളം.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) നൊപ്പം റൂൾ 8(6) പ്രകാരം

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) നൊപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ചു സ്ഥാവര ആസ്തികൾ വിൽക്കു ന്നതിനു ള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ (ടിസിഎച്ച്എഫ്എൽ), അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരനു അല്ലെങ്കിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വീണ്ടെടുപ്പില്ലാത്ത വിധത്തിൽ 11-11-2024 ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും നിരതദ്രവ്യവും ചുവടെ പരാമർശിച്ചിരിക്കുന്നു. വിൽപന നീട്ടിവെക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സുരക്ഷിതമായ ആസ്തി/വസ്തു 11-11-2024 ന് ഉച്ചയ്ക്ക് 2.00 മണിക്ക് ഇലേലം വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ ടിസിഎച്ച്എഫ്എൽന്റെ അംഗീകൃത ഓഫീസർക്ക് 09-11-2024 ന് വൈകുന്നേരം 5.00 മണി വരെയോ അതിനു മുമ്പോ ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ ജെയിൻ ടവർ-2, ലൂലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരളം എന്ന ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. , സുരക്ഷിതവസ്തുവിന്റെ/സ്ഥാവരവസ്തുവിന്റെ വിൽപന എന്താണോ അത് എന്ന വ്യവസ്ഥയനുസരിച്ച താഴെപ്പറയുന്ന സംക്ഷിപ്ത വിവരപ്രകാരം ആയിരിക്കും.

ക്രമ നം.	ലോൺ അക്കൗണ്ട് നമ്പർ	ബാധ്യതക്കാരൻ/നിയമപരമായ അവകാശി/നിയമപരമായ പ്രതിനിധിയുടെ പേർ	ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	കരുതൽ തുക	നിരതദ്രവ്യം	ഏറ്റെടുക്കൽ സ്വഭാവം
1.	9881896 & 9945137	എം.ആർ. ഷഹർ അബ്ദുൾ ജബ്ബാർ, ശ്രീമതി. ഷെറിൻ എ	ലോൺ അക്കൗണ്ട് നമ്പർ 9945137 പ്രകാരം രൂപ. 6962227/- ഉം ലോൺ അക്കൗണ്ട് നമ്പർ 9881896 പ്രകാരം രൂപ. 7609755/- ഉം രണ്ടുംകൂടി ചേർത്ത് ആകെ തുക 14571982/- & 09-03-2022	രൂപ. 60,00,000/- (രൂപ അറുപത് ലക്ഷം മാത്രം)	രൂപ. 6,00,000/- (രൂപ ആറു ലക്ഷം മാത്രം)	ഭൗതികം

സ്ഥാവര സ്വത്തിന്റെ വിവരണം: സ്ഥാവര സ്വത്തിന്റെ വിവരണം: വിവരിക്കുന്ന ഭൂമിയും മുഴുവൻ ഭാഗവും, ക്രമനമ്പർ1; ജില്ല: കൊല്ലം; ഉപജില്ല:കൊട്ടിയം; താലൂക്ക്: കൊല്ലം; ഗ്രാമം: തഴുത്തല; ചേരി: മൈലാവൂർ; പഞ്ചായത്ത്: തൃക്കോവിൽവട്ടം പഞ്ചായത്ത്, ബ്ലോക്ക് നമ്പർ: 23 റീസർവ്വേ നമ്പർ: 256 , 256 റീസർവ്വേസബ്ഡിവിഷൻ: 21/4 , 20/5; സർവ്വേ നമ്പർ: 7004 , 7005; വിസ്തീർണ്ണം (ആർ/ചതുരശ്രമീറ്റർ): 06.98 , 0.55; അവകാശത്തിന്റെ സ്വഭാവം/ തരം: പാട്ടം - പുരയിടം; വിൽപ്പനക്കാരൻ തണ്ടപ്പേർ നമ്പർ: 14124; വസ്തുവിവരണം: ആ ഭൂമിയുടെ എല്ലാ ഭാഗങ്ങളും റീസർവ്വേനമ്പർ 256/21/4ൽ 06.98 ആർ ഉം സർവ്വേനമ്പർ. 7004 , 7005 തഴുത്തല വില്ലേജിൽ തൃക്കോവിൽവട്ടം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 19/1016 നമ്പർ കെട്ടിടത്തോടൊപ്പം വഴിയുടെ അവകാശവും, കൊല്ലം താലൂക്ക്, കൊല്ലം രജിസ്ട്രേഷൻ ജില്ലയിൽ കൊട്ടിയം സബ്രജിസ്ട്രേഷൻ ജില്ലയിൽ കിടക്കുന്നു, കൂടാതെ വിൽപ്പന ഡീഡ് നമ്പർ.2853/2011 തീയതി 11-07-2011 ൽ പറഞ്ഞിരിക്കുന്ന എല്ലാ അവകാശങ്ങളും ശ്രീ.ഷഹറിന്റെ പേരിൽ സബ് രജിസ്ട്രേഷൻ ജില്ല കൊട്ടിയം ത്ത് രജിസ്ട്രേഷൻ ജില്ല കൊല്ലം. അതിരുകൾ: കിഴക്ക്: ഷഹദുള്ളയുടെ സ്വത്ത് വടക്ക്: സക്കീറിന്റെയും മറ്റുള്ളവരുടെയും സ്വത്ത് പടിഞ്ഞാറ്: റോഡ് തെക്ക്: റോഡ്.

കുറിപ്പ്: ടിസിഎച്ച്എഫ്എൽ ന് എതിരെ എസ്എ (എസ്എം.391/2023) വായ്പക്കാരൻ സമർപ്പിച്ച റിട്ട് ഹർജി ഡിആർടി 2, എറണാകുളം പരിഗണനയിലാണ്, പ്രസ്തുത കേസിൽ ടിസിഎച്ച്എഫ്എൽ ന് എതിരെ സ്റ്റേ ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

ലേലത്തിൽ, പൊതുജനങ്ങളെ പൊതുവെ അവരുടെ ബിഡ്(കൾ) വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. വായ്പക്കാർ/സഹവായ്പക്കാർ എന്നിവർക്ക് ഇതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ മൊത്തം കുടിശ്ശിക തുടർപലിശ സഹിതം അടയ്ക്കാനുള്ള അവസാന അവസരം നൽകിയിരിക്കുന്നു. ഇല്ലെങ്കിൽ സ്ഥാവരവസ്തുക്കൾ ഷെഡ്യൂൾ അനുസരിച്ച് വിൽക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ പ്രകാരമുള്ള തുക, പലിശയും ചെലവും (വിൽപ്പനച്ചെലവ് ഉൾപ്പെടെ) ലേല തീയതിക്ക് മുമ്പ് അടച്ച് അംഗീകൃത ഓഫീസർക്ക് ടെൻഡർ ചെയ്യുകയോ അത്തരത്തിലുള്ള സുരക്ഷിതമായ വായ്പയും പലിശയും ചെലവും അടക്കമുള്ള അടച്ച തുക അദ്ദേഹത്തിന് തൃപ്തികരമാണെന്ന് തെളിയിക്കുകയോ ചെയ്യുന്ന പക്ഷം ഇ ലേല നിർത്തുന്നതായിരിക്കും. ഈ വിൽപനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനോ മറ്റ് വ്യക്തിയോ, നേരിട്ടോ അല്ലാതെയോ ലേലം വിളിക്കരുതെന്നും അല്ലെങ്കിൽ വിറ്റ സ്ഥാവര സ്വത്തിൽ എന്തെങ്കിലും താൽപ്പര്യം നേടാൻ ശ്രമിക്കുകയോ ചെയ്യരുതാത്തതുമാകുന്നു. . 2002 ലെ സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും ഇനിപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായാണ് വിൽപ്പന.

കുറിപ്പ്: ഇലേല https://www.bankeauctions.com എന്ന പോർട്ടലിലൂടെ 11-11-2024 ന് ഉച്ചയ്ക്ക് 2.00 മുതൽ 3.00 വരെ നടക്കും.5 മിനിറ്റ് വീതം പരിമിത വിപുലീകരണം.

നിബന്ധനകളും വ്യവസ്ഥകളും: 1. ചുവടെയുള്ള ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള വിശദാംശങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്നവരുടെ ഏറ്റവും മികച്ച വിവരങ്ങൾക്കായി പ്രസ്താവിച്ചിട്ടുണ്ട്, എന്നാൽ ഈ പ്രഖ്യാപനത്തിലെ ഏതെങ്കിലും പിശക്, തെറ്റിദ്ധാരണ അല്ലെങ്കിൽ ഒഴിവാക്കൽ എന്നിവയ്ക്ക് താഴെ ഒപ്പിട്ടവർ ഉത്തരവാദികളായിരിക്കില്ല. ബിഡ് തുകയുടെ കാര്യത്തിലോ ലേലം വിളിച്ചയാളെ സംബന്ധിച്ചോ എന്തെങ്കിലും തർക്കം ഉണ്ടായാൽ, അംഗീകൃത ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിന് വിധേയമായി സ്ഥാവര സ്വത്ത് ഒരിക്കൽ കൂടി ലേലത്തിൽ വയ്ക്കുന്നതാണ്. 2. സ്ഥാവര വസ്തുക്കൾ കരുതൽ വിലയ്ക്ക് താഴെ വിൽക്കാൻ പാടില്ല. 3. ബിഡ് ഇൻക്രിമെന്റ് തുക രൂപ: 10,000/ (പതിനായിരം രൂപ മാത്രം) ആയിരിക്കും: 4.വസ്തു വാങ്ങുന്നതിനായി സമർപ്പിച്ച എല്ലാ ബിഡുകൾക്കുമൊപ്പം ടാറ്റ ക്യാപ്പിറ്റൽ ഹൗസിങ് ഫിനാൻസ് ലിമിറ്റഡിന്റെ പേരിൽ ബ്രാഞ്ച് അധ്യസിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ഉണ്ടായിരിക്കണം. വിജയിയാകാത്ത ലേലക്കാർക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് തിരികെ നൽകുന്നതായിരിക്കും. നിരതദ്രവ്യം NEFT/RTGS/IMPS, എന്നിവയായി നൽകുന്നതിന് ദയവായി അംഗീകൃത ഓഫീസറെ ബന്ധപ്പെടുക. 5. ഏറ്റവും ഉയർന്ന ലേലക്കാരനെ വിജയിയായ ലേലക്കാരനായി പ്രഖ്യാപിക്കും, അവ